പതിനാലാം കേരള നിയമസഭ
പതിനാൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2144 — 11.03.2020-ലെ മറുപടിയ്ക്ക്

## രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ സേവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരത്ത് പ്രവർത്തിച്ച വരുന്ന രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ സേവനം സംസ്ഥാനത്ത് മറ്റേതെങ്കിലും ജില്ലകളിൽ വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; | (എ) & (ബി) | തിരുവനന്തപുരത്ത് പ്രവർത്തിച്ച വരുന്ന രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ മാതൃകയിൽ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പുതിയ സ്പോർട്സ് സയൻസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററുകളിലെ ഡോക്ടർമാരുടേയും ജീവനക്കാരുടെയും നിയമനത്തിന് സ്വീകരിച്ച വരുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (സി) | രണ്ട് ഡോക്ടർ, ഒരു നേഴ്സ് എന്നീ തസ്തികയിൽ പി.എസ്.സി/ഡെപ്യൂട്ടേഷൻ മുഖേനയാണ് നിയമിക്കുന്നത്. നിലവിലുള്ള രണ്ട് ഫിസിയോതെറാപ്പിസ്റ്റിന്റെ തസ്തികകളിൽ ഒരു തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഒരു ഫിസിയോതെറാപ്പിസ്റ്റ് ആംബുലൻസ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നിവരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ